## പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 115 03.02.2020-ൽ മറുപടിയ്ക്ക്

### പ്രവാസി ക്ഷേമ പദ്ധതികൾ

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ഗൾഫ് രാജ്യങ്ങളിലെ സ്വദേശിവൽക്കരണം മൂലം തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ തിരികെ എത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | എ) | തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങ് നൽകുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രൻസ് (NDPREM). പുതിയ സംരംഭങ്ങൾ തുടങ്ങാനായി 30 ലക്ഷം രൂപവരെയുള്ള ബാങ്ക് വായ്പ ലഭ്യമാക്കുന്നു. ഇതിൽ 20 ലക്ഷം പ്രോജക്ട് കോസ്റ്റിന്റെ 15 % മൂലധന സബ്സിഡിയും 4 വർഷത്തേക്ക് 3% പലിശ സബ്സിഡിയുമാണ് പദ്ധതി മുഖേന ലഭിക്കുക. സംരംഭകർക്ക് ആവശ്യമായ അടിസ്ഥാന പരിശീലനവും, പദ്ധതി രേഖകൾ തയ്യാറാക്കാനും വായ്പ ലഭ്യത ഉറപ്പാക്കാനുള്ള സഹായം സർക്കാർ സ്ഥാപനമായ സി.എം.ഡി. വഴിയും ലഭ്യമാക്കുന്നുണ്ട്. പ്രവാസി പുനരധിവാസ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി നിലവിൽ 16 ധനകാര്യ സ്ഥാപനങ്ങളുമായി ധാരണാപത്രം ഒപ്പുവച്ച് വായ്പാ ലഭ്യത വിപുലപ്പെടുത്തിയിട്ടുണ്ട്. |
| ബി) | പ്രവാസ ജീവിതത്തിനിടയിൽ രോഗങ്ങൾ, അപകടങ്ങൾ എന്നിവയെത്തുടർന്ന് മരണപ്പെടുന്നവരുടെ ആശ്രിതരെ സഹായിക്കുന്നതിന് സർക്കാർ | ബി)<br>&<br>സി) | തിരികെയെത്തിയ പ്രവാസി കേരളീയർക്ക് വേണ്ടി നോർക്കാ റൂട്ട്സ് നടപ്പാക്കിയിട്ടുള്ള ദുരിതാശ്വാസ നിധിയാണ് സാന്ത്വന. ഈ പദ്ധതി പ്രകാരം മരണപ്പെട്ട പ്രവാസികളുടെ ആശ്രിതർക്ക് മരണാനന്തര ധനസഹായമായി |

| | | | |
|---|---|---|---|
| | എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | പരമാവധി ഒരു ലക്ഷം രൂപ വരെ നൽകിവരുന്നു. വിദേശത്തു നിന്നും തിരികെയെത്തിയ പ്രവാസികളിൽ ഗുരുതര രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നവർക്ക് ചികിൽസാ ധനസഹായമായി 50,000/- രൂപ വരെയും മറ്റു രോഗങ്ങളുടെ ചികിൽസയ്ക്ക് 20,000/- രൂപ വരെയും അനുവദിച്ചു വരുന്നു. സാമ്പത്തികമായി പിന്നോക്കമായിട്ടുള്ള തിരികെയെത്തിയ പ്രവാസികളുടെ പെൺമക്കളുടെ വിവാഹത്തിനു ധനസഹായമായി 15,000/- രൂപവരെ ധനസഹായം നൽകി വരുന്നു.<br>പ്രവാസികളായ കേരളീയരുടെ (ഇന്ത്യക്ക് പുറത്തോ കേരളത്തിനു പുറത്ത് ഇതര സംസ്ഥാനങ്ങളിലുള്ളവർ) മൃതദേഹം നാട്ടിലെത്തിക്കുന്നതിന് ധനസഹായം നൽകുന്ന പ്രത്യേക പദ്ധതിയാണ് കാരുണ്യം. പ്രവാസി കേരളീയന്റെ മൃതദേഹം വിമാനത്തിലോ, ട്രെയിനിലോ, മറ്റേതെങ്കിലും വാഹനത്തിലോ ചെലവുകുറഞ്ഞ രീതിയിൽ എത്തിക്കുന്നതിനു മരണമടഞ്ഞ പ്രവാസിയുടെ നിയമാനുസൃതമുള്ള അവകാശികൾക്കാണ് ധനസഹായം നൽകുന്നത്. മരണമടഞ്ഞ പ്രവാസകൾക്കോ, ബന്ധുക്കൾക്കോ മറ്റൊരു ധനമാർഗവുമില്ലാതെ അസാധാരണ സന്ദർഭങ്ങളിലാണ് ഈ സഹായം നൽകുന്നത്. മൃതദേഹം നാട്ടിലെത്തിച്ച ശേഷം ചെലവായ തുക പിന്നീട് കാരുണ്യം പദ്ധതി വഴി അനുവദിക്കുകയാണ് ചെയ്യുന്നത്. വിദേശത്തു വച്ചുണ്ടായ മരണത്തിനു പരമാവധി 50,000/- രൂപയും, ഇന്ത്യയിൽ ഇതര സംസ്ഥാനത്തു വച്ചുണ്ടായ മരണത്തിനു 15,000/- രൂപയും ധനസഹായമായി ലഭിക്കുന്നതാണ്.<br>കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡിന്റെ പ്രവാസി ക്ഷേമ നിധിയിൽ അംഗമായിരിക്കെ അസുഖം മൂലമോ അപകടം മൂലമോ, മരണമടയുന്ന പ്രവാസി കേരളീയരായ (വിദേശം) അംഗത്തിന്റെ ആശ്രിതർക്ക് അൻപതിനായിരം രൂപയും, വിദേശത്തു നിന്നും തിരിച്ചുവന്ന പ്രവാസി കേരളീയനായ (വിദേശം) |
| സി) | നോർക്ക വഴി നടപ്പിലാക്കുന്ന കാരുണ്യ, സാന്ത്വന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | അംഗത്തിന്റെ ആശ്രിതർക്ക് മുപ്പതിനായിരം രൂപയും, പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിന്റെ ആശ്രിതർക്ക് ഇരുപത്തയ്യായിരം രൂപയും ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികൾക്കായി നടപ്പിലാക്കിയ ക്ഷേമ പരിപാടികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ; | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസികൾക്കായി നടപ്പിലാക്കിയ ക്ഷേമ പരിപാടികൾ ചുവടെ ചേർക്കുന്നു.<br>1. നോർക്ക എമർജൻസി ആംബുലൻസ് സർവ്വീസ്<br>2. പ്രവാസി നിയമസഹായ പദ്ധതി<br>3. ലോക കേരള സഭ<br>4. നോർക്ക റൂട്ട്സ് ഡയറക്ടേഴ്സ് സ്കോളർഷിപ്പ് പദ്ധതി<br>5. ലോക കേരള കേന്ദ്രം<br>6. പ്രവാസി സംഘങ്ങൾക്കുള്ള ധനസഹായം<br>7. ഒമാൻ എയർവേയ്സിൽ പ്രവാസികൾക്കും കുടുംബാംഗങ്ങൾക്കും യാത്രാക്കൂലിയിൽ 7% ഇളവ്<br>8. നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ<br>9. നോർക്ക അസിസ്റ്റഡ് ബോഡി റിപാട്രിയേഷൻ സ്കീം<br>10. പ്രവാസി ഡിവിഡന്റ് പദ്ധതി |
| ഇ) | പ്രവാസിക്ഷേമ കമ്മീഷന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | ഇ) | പ്രവാസി ഭാരതീയരായ കേരളീയരുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനും താൽപര്യങ്ങൾക്കും സംരക്ഷണം നൽകാനും അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും വേണ്ടി 2016 ഏപ്രിൽ മാസം 26-ാം തീയതി പ്രവാസി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. പ്രവാസികളുടെ പരാതികൾ പരിഗണിക്കുന്നതിന് നിശ്ചിത ഇടവേളകളിൽ സംസ്ഥാനത്തുടനീളവും, എറണാകുളത്ത് പ്രതിമാസവും സിറ്റിംഗ് നടത്തുന്നുണ്ട്. കമ്മീഷന് ലഭിക്കുന്ന പ്രവാസികളുടെ വിവിധങ്ങളായ പരാതികളിന്മേൽ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. സംസ്ഥാനത്ത് വിവിധ ജില്ലകളിലായി |

| | | | |
|---|---|---|---|
| | | | ഇതിനകം 74 സിറ്റിംഗുകൾ/അദാലത്തുകൾ കമ്മീഷൻ നടത്തിയിട്ടുണ്ട്. |
| എഫ്) | പ്രവാസികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള ലോൺ, പെൻഷൻ ഇവ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | എഫ്) | NDPREM പദ്ധതി വഴി ലോൺ ലഭിക്കുന്നതിന്<br>• നോർക്ക വെബ്സൈറ്റായ "**www.norkaroots.org** (NDPREM ലിങ്ക്)"-ൽ (സ്വന്തമായോ അക്ഷയ കേന്ദ്രങ്ങൾ വഴിയോ രജിസ്റ്റർ ചെയ്യാം)<br>• പാസ്പോർട്ട്, പദ്ധതിയുടെ വിവരണം, അപേക്ഷകന്റെ ഫോട്ടോ എന്നിവ അപേക്ഷയോടൊപ്പം അപ് ലോഡ് ചെയ്യണം)<br>വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെ മുൻഗണനാക്രമത്തിൽ ടെലഫോൺ, മെസേജ് എന്നിവ മുഖാന്തിരം ബന്ധപ്പെട്ട് അതത് ജില്ല കേന്ദ്രങ്ങളിൽ വച്ച് പരിശീലനകളരികളിൽ പങ്കെടുപ്പിക്കുകയും വായ്പാ പദ്ധതിയെക്കുറിച്ച് വിശദീകരിച്ച് അപേക്ഷാ ഫോറം വിതരണം ചെയ്യുകയും ബാങ്ക് തെരഞ്ഞെടുത്ത് ബന്ധപ്പെട്ടരേഖകൾ സഹിതം സൂക്ഷ്മ പരിശോധനയ്ക്ക് പങ്കെടുക്കുന്നതിന് നിർദ്ദേശം നൽകുന്നു. ഹാജരാകുന്ന ഗുണഭോക്താക്കളുടെ പാസ്പോർട്ട്, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ച് ബാങ്കിലേക്ക് ശിപാർശ കത്ത് നൽകുകയും പകർപ്പ് ഗുണഭോക്താവിനുകൂടി സ്പീഡ്പോസ്റ്റ് ആയി നൽകുകയും ചെയ്യുന്നു. പ്രോജക്ട് റിപ്പോർട്ട് ബാങ്കിൽ നിന്നും ആവശ്യപ്പെടുന്നവർക്ക് സർക്കാർ മാനേജ്മെന്റ് സ്ഥാപനമായ സി.എം.ഡി. മുഖാന്തിരം ബന്ധപ്പെട്ട് നൽകുന്നു. ബാങ്കിലേക്ക് സമർപ്പിക്കുന്നതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി നൽകിവരുന്നു. ലോൺ അനുവദിക്കുന്ന ബാങ്കിന്റെ കത്ത് നോർക്ക റൂട്ട്സിൽ ലഭ്യമാക്കുന്ന മുറയ്ക്ക് മൂലധന സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.<br>ഈ വർഷാവസാനം നോർക്ക റൂട്ട്സുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുള്ള ബാങ്ക് ഓഫ് ഇന്ത്യ, യൂക്കോ ബാങ്ക് എന്നിവർ |

| | | | |
|---|---|---|---|
| | | | തെരഞ്ഞെടുക്കുന്ന അപേക്ഷകർക്ക് ട്രെയിനിംഗ്, സ്ക്രീനിംഗ് ഇല്ലാതെ (ഫാസ്റ്റ്ട്രാക്ക് സംവിധാനം) അപേക്ഷ ആവശ്യമായ രേഖകൾ സഹിതം ബാങ്കുകളിലേക്ക് കൈമാറുകയും, ലോൺ അനുവദിക്കുന്ന മുറയ്ക്ക് ബാങ്കിന്റെ നിർദ്ദേശ പ്രകാരം ശിപാർശ കത്ത് നൽകുകയും, വായ്പാനുമതി പത്രം ലഭ്യമാക്കുന്ന മുറയ്ക്ക് സബ്സിഡി നൽകുകയും ചെയ്തുവരുന്നു.<br><br>കേരള പ്രവാസി കേരളീയ ക്ഷേമ നിധിയിൽ അംഗത്വമെടുത്ത് അഞ്ച് വർഷം തുടർച്ചയായി അംശദായം അടയ്ക്കുന്ന അംഗങ്ങൾക്ക് 60 വയസ്സ് പൂർത്തിയാകുന്നത് മുതൽ ക്ഷേമ പെൻഷൻ അനുവദിച്ചുവരുന്നു. 2017 സെപ്റ്റംബർ മാസം മുതൽ കാറ്റഗറി വ്യത്യാസമില്ലാതെ മിനിമം പെൻഷൻ 2000 രൂപയും പരമാവധി പെൻഷൻ 4000 രൂപയും അനുവദിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**